# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്എ-ഐ.ഡി.കെ-പി9/253/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 21/03/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

-

നമ്പർ: കെ.എസ്എ-ഐ.ഡി.കെ-പി9/253/2023 തീയ്യതി: 21/03/2023

## ഇടുക്കി ജില്ലയിലെ ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-11-2021 മുതൽ 27-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സാബു സി.ജോർജ്ജ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 28-11-2022 | 03-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 28-11-2022 | 03-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ടി.എസ്. ധനജയൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. എം.കെ. അഭിലാഷ്, അസി.ഓഡിറ്റ് ഓഫീസർ (01.12.2022 മുതൽ)
ശ്രീ. ആർ. സാമുവൽ രാജ് ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. കെ.സി. ബിനുമോൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ (01.12.2022 മുതൽ)
ശ്രീ. ഡെന്നീസ് ജോസഫ്, ഓഡിറ്റർ (30.11.2022 വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രാജി ചന്ദ്രൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ എസ്. ഹർഷൻ | സെക്രട്ടറി | 01-04-2021 | 11-08-2021 |
| ശ്രീ പി.എം സബീർ മുഹമ്മദ് | സെക്രട്ടറി | 12-08-2021 | 16-12-2021 |
| | | 23-02-2022 | 31-03-2022 |
| ശ്രീമതി ഡി. ജ്യോതി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-12-2021 | 22-02-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വി.എൻ മഞ്ജു | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ പി.ആർ ബാബുരാജ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 12-09-2021 |
| ശ്രീ ജി. വിജയകൃഷ്ണൻ | അസിസ്റ്റന്റ് എൻജിനീയർ | 13-09-2021 | 25-11-2021 |
| ശ്രീമതി ശ്രീജ തങ്കച്ചൻ | അസിസ്റ്റന്റ് എൻജിനീയർ-ഇൻ-ചാർജ്ജ് | 26-11-2021 | 17-01-2022 |
| ശ്രീ ടി വി ഏലിയാസ് | അസിസ്റ്റന്റ് എൻജിനീയർ | 18-01-2022 | 31-03-2022 |
| ശ്രീ പി.എൻ സതീശൻ | പട്ടിക ജാതി വികസന ഓഫീസർ | 01-04-2021 | 04-11-2021 |
| ശ്രീമതി കെ.കെ കൈരളി | പട്ടിക ജാതി വികസന ഓഫീസർ | 05-11-2021 | 24-02-2022 |
| ശ്രീ കെ.പി പ്രശാന്ത് | പട്ടിക ജാതി വികസന ഓഫീസർ | 25-02-2022 | 31-03-2022 |
| ശ്രീമതി ജാൻസി ജോൺ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി പി.കെ ബിന്ദു | ഇൻഡസ്ട്രീയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 15-04-2021 |
| ശ്രീ വി.എസ് രാജേഷ് | ഇൻഡസ്ട്രീയൽ എക്സ്റ്റൻഷൻ ഓഫീസർ | 16-04-2021 | 31-03-2022 |
| ശ്രീമതി കെ.ഡി ലിജി | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 09-06-2021 |
| ശ്രീമതി ആനിയമ്മ ഫ്രാൻസിസ് | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 10-06-2021 | 31-03-2022 |
| ശ്രീ യു.എം അനിൽ | കൃഷി അസി ഡയറക്ടർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| കുമാർ | | | |
| ഡോ സതീഷ് ചന്ദ്രൻ | മെഡിക്കൽ ഓഫീസർ (സി. എച്ച് സി) കഞ്ഞിക്കുഴി | 01-04-2021 | 31-03-2022 |
| ഡോ രാഹുൽ രാമചന്ദ്രൻ | മെഡിക്കൽ ഓഫീസർ (സി. എച്ച് സി) വാത്തിക്കുടി | 01-04-2021 | 31-03-2022 |
| ഡോ. ജെ. ക്രിസ്റ്റി | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) പാറേമാവ് | 01-04-2021 | 31-03-2022 |
| ശ്രീമതി പി.എൻ. തുളസി | സി.ഡി.പി.ഒ | 01-04-2021 | 05-11-2021 |
| ഡോ. ആൻ. ഡാർളി വർഗ്ഗീസ് | സി.ഡി.പി.ഒ | 06-11-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാര്‍ഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പെന്‍ഷനുകള്‍ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാര്‍ഷിക കണക്കിലെ അപാകതകള്‍ | 1-10 |
| 11 | ഔഷധങ്ങള്‍  ലഭിച്ചിട്ടില്ല | 1-11 |
| 12 | പട്ടിക വര്‍ഗ്ഗ വിദ്യാര്‍ഥികള്‍ക്ക് സ്കോളര്‍ഷിപ്പ് പദ്ധതി നടത്തിപ്പില്‍ അപാകതകള്‍ | 1-12 |
| 13 | ഡയറി എക്സ്റ്റന്‍ഷന്‍ ഓഫീസര്‍ ഫയലുകള്‍ ഹാജരാക്കിയില്ല | 1-13 |
| 14 | തേക്കിന്‍തണ്ട് കുടിവെള്ള പദ്ധതി പാതിവഴിയില്‍ അവസാനിപ്പിച്ചു | 1-14 |
| 15 | 2020-21 വര്‍ഷം പട്ടികജാതി വിദ്യാര്‍ഥികള്‍ക്ക് സ്കോളര്‍ഷിപ്പ് നല്‍കിയതിലെ അപാകതകള്‍ | 1-15 |
| 16 | തൊഴിലുറപ്പ് പദ്ധതി വിഭാഗത്തില്‍ നിന്നും എട്ടര ലക്ഷത്തിലധികം രൂപ തിരികെ ലഭിക്കുവാന്‍ അവശേഷിക്കുന്നു | 1-16 |
| 17 | സൗഹൃദ സായന്തനം പദ്ധതി ചെലവ് തടസ്സം | 1-17 |
| 18 | വാത്തിക്കുടി സി.എച്ച്.സി. - ഫയലുകള്‍ ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു | 1-18 |
| 19 | കളക്ടേഴ്സ് അറ്റ് സ്കൂള്‍ പദ്ധതി - അധികം തുക നല്‍കി - ₹14,000/- ചെലവ് നിരാകരിക്കുന്നു | 1-19 |
| 20 | പ്രൈസ് സോഫ്റ്റ് വെയറില്‍ കോസ്റ്റ് ഇന്‍ഡക്സിന് സമയബന്ധിതമായി മാറ്റം വരുത്തുന്നില്ല | 1-20 |
| 21 | ആസ്തി രജിസ്റ്റര്‍ പരിപാലിക്കുന്നില്ല | 1-21 |
| 22 | ബ്ലോക്ക്പഞ്ചായത്തിന്റെ അനിവാര്യ ചുമതലയില്‍ ഉള്‍പ്പെടാത്ത പദ്ധതികള്‍ നിര്‍വ്വഹണം നടത്തുന്നു | 1-22 |
| | ഭാഗം **2** | |
| | --- No Records Found --- | |

| | | |
|---|---|---|
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ധനസഹായം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

25.02.2021-ലെ 1(1) നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പാസാക്കി അവതരിപ്പിച്ച 2021-22 വർഷത്തെ ബജറ്റ് 25-02-2022ൽ ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരം ആകെ വരവ് ₹59,32,81,887/-, ആകെ ചെലവ് ₹59,12,26,595/-, നീക്കിയിരിപ്പ് ₹20,55,292/- ആകുന്നു.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2022 | 27-05-2022 | - | - |

### 1-3 സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹20795201 |
| വരവ് | ₹76595435 |
| ആകെ | ₹97390636 |
| ചെലവ് | ₹72802622 |
| നീക്കിയിരിപ്പ് | ₹24588014 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 29139287 | 29139287 | 28332836 | 806451 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 4987000 | 4987000 | 3977863 | 1009137 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 3787000 | 3787000 | 3704598 | 82402 | 0 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 10381253 | 10381253 | 7788787 | 2592466 | 0 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 16195504 | 16195504 | 4329777 | 11865727 | 0 |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 0 | 11592954 | 11592954 | 7878282 | 3714672 | 0 |
| സമ്പൂർണ്ണ ശുചിത്വം | 1150169 | 46464 | 1196633 | 0 | 1196633 | |
| പ്രത്യേക കേന്ദ്ര വിഹിതം | 116323 | 0 | 116323 | 116323 | 0 | |
| ഐ.ഡബ്ല്യൂ.എം.പി | 937 | 26255 | 27192 | 27192 | 0 | |
| ഹാഡ | 355358 | 10688 | 366046 | 0 | 366046 | |
| കേന്ദ്ര ഗ്രാന്റുകൾ | 3581208 | 107719 | 3688927 | 0 | 3688927 | |

### 1-5 പദ്ധതി അവലോകനം

2021-22 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ

ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 98 | 82573808 | 73 | 60738658 | 4 | 21 |

ബ്ലോക്ക്പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയ്ക്ക് 111/2021/ഡി.പി.സി/ഡി.പി.ഒ/ഐ.ഡി.കെ. തീ. 28.05.2021 ആയി അംഗീകാരം ലഭിച്ചിരുന്നു. 11.61 കോടി രൂപ അടങ്കലിൽ 98 പ്രോജക്ടുകളാണ് 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. പിന്നീട് 60 പദ്ധതികൾ കൂടി ഉൾപ്പെടുത്തി 14.06 കോടി രൂപ അടങ്കലിൽ 2021 മാർച്ചിൽ പദ്ധതി പരിഷ്കരിച്ചു. കൂടാതെ, ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെയും സംരക്ഷണ ഗ്രാന്റിന്റെയും അധിക വിഹിതം ഉൾപ്പെടുത്തി പുതിയ പ്രോജക്ടുകളും ഏറ്റെടുത്തിട്ടുണ്ട്. വാർഷിക പദ്ധതി രൂപീകരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 03/02/2021 |
| ഗ്രാമസഭ | 16/02/2021 |
| വികസന സെമിനാർ | 19/02/2021 |
| സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അംഗീകാരം | 18/02/2021 |
| ഭരണ സമിതിയുടെ അംഗീകാരം | 04.05.2021 |

ഗ്രാമസഭകളിലും വർക്കിംഗ് ഗ്രൂപ്പുകളിലും വിശദമായ ചർച്ചകൾ നടക്കുന്നില്ല. മിനിട്ട് ബുക്കിൽ ഹാജർ മാത്രമാണ് രേഖപ്പെടുത്തുന്നത്. വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദ്ദേശിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്തുന്നില്ല. ബ്ലോക്ക്പഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തിരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുണ്ടാവുന്ന ജാഗ്രതക്കുറവ് പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് കാര്യമായ പങ്കുള്ളതായി കാണുന്നില്ല.

8.25 കോടി രൂപയുടെ 2021-22 വാർഷിക പദ്ധതിയിൽ 6.07 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആവിഷ്കരിച്ച 98 പ്രോജക്ടുകളിൽ 81.63 ശതമാനമാണ് പൂർത്തീകരിച്ച്

സമയബന്ധിതമായി ബില്ലുകൾ മാറുന്നതിന് സാധിച്ചിട്ടുള്ളത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്റ്റുകൾ | നടപ്പാക്കിയ പ്രോജക്റ്റുകൾ | നടപ്പാക്കിയ പ്രോജക്റ്റുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 3 | 3 | 100 | 787700 | 673140 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 100 | 6315040 | 6315040 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 10 | 9 | 90 | 3350000 | 2771037 |
| ചീഫ് മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 1 | 1 | 100 | 500000 | 447900 |
| സി.ഡി.പി.ഒ | 6 | 4 | 66.66 | 3806180 | 3139751 |
| പട്ടികവർഗ്ഗ വികസന ഓഫീസർ | 2 | 2 | 100 | 1081253 | 1081253 |
| പട്ടികജാതി വികസന ഓഫീസർ | 2 | 2 | 100 | 1728600 | 1712412 |
| വ്യവസായ വികസന ഓഫീസർ | 1 | 1 | 100 | 600000 | 600000 |
| സെക്രട്ടറി | 13 | 12 | 92.30 | 25343571 | 19625650 |
| അസി. എഞ്ചിനീയർ | 55 | 41 | 76.36 | 38511464 | 23984592 |
| അസി. എക്സി. എഞ്ചിനീയർ | 3 | 3 | 100 | 550000 | 387884 |
| ആകെ | 98 | 80 | 81.63 | 82573808 | 60738659 |

## 1-6 തൊഴിലുറപ്പ് പദ്ധതി

- ഇല്ല -

## 1-7 ക്ഷേമ പെൻഷനുകൾ

- ഇല്ല -

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.11.2022ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്.

2. പൊതുമരാമത്ത് പ്രവൃത്തികൾ വഴി പുതതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം

പരിപാലിക്കുന്നില്ല.

3. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നില്ല.

4. പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല. വാങ്ങൽ പ്രക്രിയകളിൽ ആവശ്യമായ കരുതലുകൾ സ്വീകരിക്കുന്നില്ല.

5. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തുന്നില്ല. കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

6. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിനും പദ്ധതി പുരോഗതി വിലയിരുത്തുന്നതിനും അനുവദിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് സാധിച്ചിട്ടില്ല.

7. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല.

## 1-10 വാർഷിക കണക്കിലെ അപാകതകൾ

1. വാടകയിനങ്ങളുടെ ഡി.സി.ബി. സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

2. ഡെപ്പോസിറ്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ ബി-7 ഉൾപ്പെടുത്തിയിരിക്കുന്ന ₹2,63,946/- ഉം RP-34 & RP-36 ഷെഡ്യൂളുകൾ പ്രകാരം ഉൾപ്പെടുത്തിയ തുകകളുടെയും കൃത്യത പരിശോധിക്കുന്നതിന് സാധിച്ചില്ല.

3. ആസ്തി രജിസ്റ്ററിൽ എല്ലാ ആസ്തികളുടെയും പൂർണ്ണമായ വിവരങ്ങൾ ചേർത്ത് കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാലും വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി

പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ റോഡുകൾ ഉൾപ്പെടുന്നില്ലായെങ്കിലും B-11 പ്രകാരം ആസ്തിയിൽ ഉൾപ്പെടുത്തുകയും ആയതിന് ഡിപ്രീസിയേഷൻ കണക്കാക്കുകയും ചെയ്തിട്ടുണ്ട്.

5. ബാലൻസ് ഷീറ്റിലെ B-4ൽ താഴെ പറയുന്ന ഇനങ്ങൾ B-17 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

A. Other Awards From Central Govt.

B. Recoveries Payable COVID.

ഇതിൽ UBI-AWARD-21814 അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള ₹22,94,953/-ൽ തനത് ഫണ്ടും ഉൾപ്പെട്ട തുകയാണ്. നിക്ഷേപിച്ചിരിക്കുന്ന തനത് ഫണ്ടിന്റെ കൃത്യമായ വിവരം ലഭ്യമല്ല. B-4 Scheduleൽ ഉൾപ്പെട്ടിട്ടുള്ള ഏതൊക്കെ സ്പെസിഫിക് പർപ്പസ് ഗ്രാന്റുകളാണ് തനത് ഫണ്ടിൽ/തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത് എന്നത് വ്യക്തമാക്കേണ്ടതും ആയവക്ക് എ.സി.ആർ. സൂക്ഷിച്ചിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

6. Liability In Respect Of Stale Cheques ഇനത്തിൽ B9 പ്രകാരം ₹15,000/- ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്. ലഭ്യമാക്കിയ ലെഡ്ജർ പ്രകാരം ഈ ചെക്കുകൾ ക്യാൻസൽ ചെയ്തിട്ടുള്ളതാണ്. വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ കൃത്യമല്ല.

7. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 58 പ്രകാരമുള്ള കാലയളവ് അവസാനിക്കുമ്പോഴത്തെ ചുവടെ ചേർത്ത നടപടികൾ യഥാസമയം പാലിച്ചതായി കാണുന്നില്ല.

A) സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം സമാഹരിക്കുക.

B) വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും.

C) സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന.

8. ഇ.എം.എസ്. ഭവന പദ്ധതിയുടെ വായ്പ ഇനത്തിൽ ₹7,64,950/-യും ഐ.എ.വൈ. ലോൺ ₹2,25,000/-യും തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നുണ്ടെങ്കിലും ഇവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-11 ഔഷധങ്ങൾ ലഭിച്ചിട്ടില്ല

ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് 2021-22 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിന് മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക കൈമാറിയെങ്കിലും ഔഷധങ്ങൾ ലഭ്യമാക്കിട്ടില്ല.

| പ്രോജക്ട് നം.& | നിർവ്വഹണ ഉദ്യോഗസ്ഥൻ | കൈമാറിയ തുക | കൈമാറ്റ വിശദാംശങ്ങൾ | വിതരണം ചെയ്തു | ലഭ്യമാക്കി വിതരണം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| പ്രോജക്ട് | | ₹ | | മരുന്നുകളുടെ മൂല്യം ₹ | ചെയ്യുവാനുള്ള മരുന്നുകളുടെ മൂല്യം |
| പ്രോജക്ട് നം 30/2021-22. കഞ്ഞിക്കുഴി സി.എച്ച്. സി-യ്ക്ക് മരുന്ന് വാങ്ങൽ | മെഡിക്കൽ ഓഫീസർ, കഞ്ഞിക്കുഴി-സി.എച്ച്.സി | 350000 | NEFT മുഖേന സ്ഥാപനത്തിന് പഞ്ചാബ് നാഷണൽ ബാങ്കിന്റെ 362400180000019 (ഐ.എഫ്.എസ്.സി. കോഡ് PUNB0362400) നമ്പർ അക്കൗണ്ടിലേക്ക് ₹3,50,000/- 17/02/2022 തീയതിയിൽ ട്രാൻസ്ഫർ ചെയ്തു | - | 350000 |

ഔഷധങ്ങൾ പൂർണ്ണമായി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-12 പട്ടിക വർഗ്ഗ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി നടത്തിപ്പിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | 105/21-22,<br>പട്ടിക വർഗ്ഗ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹1061253/- (ധനകാര്യ കമ്മിഷൻ ഗ്രാന്റ്.) |
| നിർവ്വഹണം | ട്രൈബൽ എക്സ്റ്റൻഷൻ ഓഫിസർ |
| ആകെ ചെലവ് | ₹1061253/- |
| ബിൽ റഫറൻസ് നം./തീയതി/തുക | 2100663012300796757/16.12.21 ₹180000/- |

പട്ടിക വർഗ്ഗ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതി പ്രകാരം തൻവർഷം 51 വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. സ്കോളർഷിപ്പ് നൽകിയ താഴെ പറയുന്ന 2 വിദ്യാർഥികളുടെ അപേക്ഷയോടൊപ്പം അവർ പഠിക്കുന്ന സ്ഥാപനം നൽകുന്ന കോഴ്സ് സർട്ടിഫിക്കറ്റ് ലഭ്യമല്ല. വിദ്യാർഥികൾ സ്ഥാപനത്തിൽ തുടർന്ന് പഠിക്കുന്നുവെന്ന് തെളിയിക്കുന്ന കോഴ്സ് സർട്ടിഫിക്കറ്റ് പരിശോധിക്കാതെ സ്കോളർഷിപ്പ് നൽകിയ നടപടി അംഗീകരിക്കത്തക്കതല്ല.

| ക്രമ. നം. | വിദ്യർഥിയുടെ പേര് | പഠിക്കുന്ന സ്ഥാപനം | കോഴ്സ്/വർഷം | നൽകിയ തുക ₹ |
|---|---|---|---|---|
| 1 | അർജ്ജുൻ വി. എസ്. | എസ്.എസ്. കോളേജ്, കാലടി | BA/3rd Year | 20000 |
| 2 | സ്നേഹാമോൾ ജോർജ്ജ് | സെന്റ് തോമസ് കോളേജ്, കോഴഞ്ചേരി | BA/3rd Year | 20000 |
| | ആകെ | | | 40000 |

മേൽ സൂചിത വിദ്യാർഥികളുടെ കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ധനസഹായം നൽകിയ തുക ₹40,000/- നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ ബാധ്യതയായി നിർണ്ണയിച്ച് തുക തിരികെ ഈടാക്കുന്നതിനുള്ള സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-13 ഡയറി എക്സ്റ്റൻഷൻ ഓഫീസർ ഫയലുകൾ ഹാജരാക്കിയില്ല

ഡയറി എക്സ്റ്റൻഷൻ ഓഫീസർ 2021-22 വർഷത്തിൽ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | ചെലവഴിച്ച തുക ₹ |
|---|---|---|
| 1 | വനിത ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 2649080 |
| 2 | ക്ഷീര കർഷകർക്ക് പാലിന് ഇൻസന്റീവ് | 3665960 |

ഡയറി എക്സ്റ്റൻഷൻ ഓഫീസർ 2021-22 വർഷത്തിൽ നടപ്പിലാക്കിയ മുകളിൽ സൂചിപ്പിച്ച പ്രോജക്ടുകളുടെ ഫയലുകൾ ഭാഗികമായി മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ. ഫയലുകൾ പൂർണ്ണമായും ഹാജരാക്കാത്തതിനാൽ ₹63,15,040/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-14 തേക്കിൻതണ്ട് കുടിവെള്ള പദ്ധതി പാതിവഴിയിൽ അവസാനിപ്പിച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 77/22 – തേക്കിൻതണ്ട് കുടിവെള്ളപദ്ധതി |
| അടങ്കൽ | ₹1000000/- |
| കരാറുകാരൻ | ശ്രീ. നൗഷാദ് |
| കരാർ നമ്പർ | 18/T/AE/LSGD/IDK/2021-22 |
| എം. ബുക്ക് നമ്പർ | 305/2021-22 |
| ആകെ പ്രവൃത്തി മൂല്യം | ₹495654/- |
| ചെക്ക് നമ്പർ | 41329/30.03.22 |
| വൗച്ചർ നമ്പർ | 29/03-2022 |

തേക്കിൻതണ്ട് കുടിവെള്ളപദ്ധതിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാന ഇനങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | വകയിരുത്തിയ തുക ₹ |
|---|---|---|
| 1 | HDPE PIPE | 484423 |
| 2 | Trenching And Refilling | 177050 |
| 3 | Gunmetal Gate Valve | 3478 |
| 4 | Lump Sum Total | 227000 |
| 5 | Reserverd For GST | 107034 |

പലവകയിനത്തിൽ ₹2,27,000/- വകയിരുത്തിയതിലൂടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് വിശദമായ സ്ഥല പരിശോധനയോ മുന്നൊരുക്കങ്ങളോ ഇല്ലാതെയാണെന്ന് വ്യക്തമാണ്. ഈ പ്രവൃത്തിയിൽ ആകെ ചെയ്തിരിക്കുന്നത് വളരെ മലിനമായ ഒരു കുളത്തിൽ നിന്നും 2128 മീറ്റർ 50എം എം HDPEപൈപ്പ് പൊതുമരാമത്ത് റോഡ് സൈഡിൽ മണ്ണിന് മുകളിൽ കൂടി സ്ഥാപിച്ചത് മാത്രമാണ്. മോട്ടോർ, ടാങ്ക് എന്നിവയൊന്നും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. തേക്കിൻതണ്ട് ജംഗ്ഷനിൽ പൈപ്പ് ലൈൻ

അവസാനിക്കുന്നു. പദ്ധതികൊണ്ട് ഗുണഭോക്താക്കൾക്ക് യാതൊരു പ്രയോജനവുമില്ല. ₹4,95,654/- മാത്രമാണ് പദ്ധതിയ്ക്കായി ചെലവഴിച്ചത്. ഗണ്യമായ തുക അവശേഷിക്കുമ്പോഴും പദ്ധതിയ്ക്കായി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ പദ്ധതി പൂർത്തീകരിക്കുകയോ ചെയ്തില്ല. ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ ₹4,95,654/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-15 2020-21 വർഷം പട്ടികജാതി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | 105/21-22<br>പട്ടികജാതി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹535000/-(വികസന ഫണ്ട് .എസ്.സി.പി) |
| നിർവ്വഹണം | പട്ടിക ജാതി വികസന ഓഫീസർ |
| ആകെ ചെലവ് | ₹535000/- |
| ബിൽ റഫറൻസ് നം./തീയതി/തുക | 210066301260034O827/13.07.2020, ₹535000/- |

പട്ടികജാതി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 2020-21 വർഷം ആവിഷ്കരിച്ച ഈ പദ്ധതി പ്രകാരം കാർത്തികമോൾ. കെ. എന്ന വിദ്യാർഥിനിക്ക് വാഴത്തോപ്പ് ഗ്രാമ പഞ്ചായത്തിൽ നിന്നും ₹20,000/-ഉം (3-ാം വർഷം ബി.എസ്.സി സുവോളജി കോഴ്സിന്) 2020-21 വർഷം ഇടുക്കി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 14.07.2020ൽ ₹20,000/-ഉം (2-ാം വർഷം ബി.എസ്.സി സുവോളജി കോഴ്സിന്) ചേർത്ത് ഒരു വർഷത്തെ സ്കോളർഷിപ്പ് തുകയായി ₹40,000/- നൽകിയിട്ടുണ്ട്. സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ തീ.14.2.2018ലെ സബ്സിഡി മാർഗ്ഗരേഖയിൽ ഖ.7.2.5 പ്രകാരം ബിരുദ വിദ്യാർഥികൾക്ക് ഒരു വർഷം നൽകാവുന്ന പരാമാവധി സ്കോളർഷിപ്പ് ₹20,000/- മാത്രമാണ്. ഗ്രാമ പഞ്ചായത്തിൽ നിന്നും നിരാക്ഷേപ പത്രം വാങ്ങി പരിശോധിക്കാതെ തുക അനുവദിച്ചത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം നൽകണമെന്നുള്ള ഓഡിറ്റ് എൻക്വയറിക്ക് (3/01.12.2022) മറുപടി ലഭ്യമാക്കിയില്ല.

1-16 തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിൽ നിന്നും എട്ടര ലക്ഷത്തിലധികം രൂപ തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു

തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിലേയ്ക്ക് മുൻകൂർ ഇനത്തിൽ നൽകിയ തുകയിൽ നിന്നും എട്ടര ലക്ഷത്തിലധികം രൂപ തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു. വിശദാംശം താഴെ നൽകുന്നു.

| വർഷാരംഭത്തിൽ തിരികെ ലഭിക്കുവാൻ അവശേഷിക്കുന്ന മുന്നിരിപ്പ് ₹ | തൻവർഷം നൽകിയ മുൻകൂർ ₹ | തൻവർഷം തിരികെ ലഭിച്ച തുക₹ | തിരികെ ലഭിക്കുവാൻ അവശേഷിക്കുന്ന തുക₹ |
|---|---|---|---|
| 396010 | 1117913 | 662701 | 851222 |

തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിന് ഗ്രാന്റ് ലഭ്യമാകുന്ന മുറയ്ക്ക് തുക തിരികെ ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17 സൗഹൃദ സായന്തനം പദ്ധതി ചെലവ് തടസ്സം

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | 19/2021-22 - സൗഹൃദ സായന്തനം |
| അടങ്കൽ | ₹581620/- |
| ചെലവ് വിവരങ്ങൾ | ₹245640/-<br>1) 2110066301220/1330340 – ₹55646/- തീ. 16.06.2022<br>2)2110066301220/1233982 – ₹62077/- തീ. 16.03.2022<br>3)2110066301220/1342105 – ₹71304/- തീ. 19.03.2022<br>4)2110066301220/1369325 – ₹40730/- തീ. 19.03.2022<br>5)2110066301220/1369333 – ₹7165/- തീ. 19.03.2022<br>6)2110066301220/1369348 – ₹8718/- തീ. 19.03.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശിശുക്ഷേമ വികസന ഓഫീസർ |

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം. 22/2018/തസ്വഭവ., തീയതി 14/02/2018 ഖണ്ഡിക 7.1.13 പ്രകാരം വയോജന സൗഹൃദ പരിപാടികളിൽ സൗഹൃദ സായന്തനം പദ്ധതി ഉൾപ്പെട്ടിട്ടില്ല. വയോജനങ്ങളെ മാസത്തിലൊരിക്കൽ അങ്കണവാടികളിൽ ഒരുമിച്ച് കൂട്ടുന്നതാണ് പദ്ധതി. 2021-22 വർഷത്തിൽ ഈ പദ്ധതിയ്ക്കായി ₹2,45,640/- ചെലവഴിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പദ്ധതിയ്ക്കായി തുക ചെലവഴിച്ചതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

1-18 വാത്തിക്കുടി സി.എച്ച്.സി. - ഫയലുകൾ ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു

വാത്തിക്കുടി സി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ, പേര് | ചെലവ് തുക ₹ |
|---|---|
| 45/വാത്തിക്കുടി സി.എച്ച്.സി-ക്ക് ഫർണിച്ചർ വാങ്ങൽ | 94569 |
| 43/വാത്തിക്കുടി സി.എച്ച്.സി-ക്ക് ഇൻവേർട്ടർ | 99800 |
| 44/വാത്തിക്കുടി സി.എച്ച്.സി-ക്ക് കംപ്യൂട്ടർ വാങ്ങൽ | 199819 |
| 37/വാത്തിക്കുടി സി.എച്ച്.സി-ദൈനംദിന ചെലവുകൾ | 347988 |
| 41/വാത്തിക്കുടി സി.എച്ച്.സി-ക്ക് മരുന്ന് വാങ്ങൽ | 349964 |

ഫയലുകൾ ഹാജരാക്കാത്തതിനാൽ ആകെ ചെലവ് തുകയായ ₹10,92,140/- ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു.

1-19 കളക്ടേഴ്സ് അറ്റ് സ്കൂൾ പദ്ധതി - അധികം തുക നൽകി - ₹14,000/- ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി അടങ്കൽ | ₹45200/-<br>(വികസന ഫണ്ട് ജനറൽ) |
| ബിൽ റഫറൻസ് നം./തുക/തീയതി | 21100663011901484324/26.03.2022, ₹43600/ |
| ചെലവ് | ₹43600/- |

₹45,200/- വകയിരുത്തി പൈനാവ് ഗവ. മോഡൽ പോളിടെക്നിക്ക് കോളേജിൽ 4 ബിന്നുകൾ (കളക്ടേഴ്സ് അറ്റ് സ്കൂൾ) സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതി നടത്തിപ്പിനായി ക്വട്ടേഷൻ ക്ഷണിക്കുകയായിരുന്നു. ക്വട്ടേഷൻ നോട്ടീസ് പ്രകാരം 4 ബിന്നുകൾ സ്ഥാപിക്കുന്നതിന് ₹7,400/- വീതം ₹29,600/- ആണ് ഉൾപ്പെടുത്തിയിരുന്നത്. പദ്ധതി ഏറ്റെടുത്ത് നടത്തിയത് സെന്റ് ജോസഫ് ഇൻഡസ്ട്രീസ്, ചെറുതോണി എന്ന സ്ഥാപനമാണ്. സ്ഥാപനം സമർപ്പിച്ച ക്വട്ടേഷൻ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ബ്ലോക്കിലെ അസി. എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 1 ബിൻ നിർമ്മിക്കുന്നതിനാവശ്യമായ തുക ₹7,400/- മാത്രമാണ്. എന്നാൽ അസി. എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ, 4 ബിന്നുകൾ സ്ഥാപിച്ചതിന് സെന്റ് ജോസഫ് ഇൻഡസ്ട്രീസ്, ചെറുതോണി ലഭ്യമാക്കിയ ബിൽ പ്രകാരമുള്ള തുകയായ ₹43,600/- (₹10,900/- വീതം) കണക്കാക്കുകയും ഇതനുസരിച്ച് മേൽ സൂചിത ബിൽ പ്രകാരം തുക അനുവദിക്കുകയും ചെയ്തു.

എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള ബിന്നുകളാണ് നിലവിൽ സ്ഥാപിച്ചിട്ടുള്ളതെന്ന് ഫയലിൽ സൂക്ഷിച്ചിട്ടുള്ള രേഖകൾ ഫോട്ടോകൾ എന്നിവയിൽ നിന്നും വ്യക്തമാകുന്നു. ഈ സാഹചര്യത്തിൽ പ്രോജക്ടിൽ ₹7,400/- വകയിരുത്തിയ ബിന്നുകൾക്ക് ₹10,900/- വീതം ₹43,600/- നൽകിയ നടപടി അംഗീകരിക്കത്തക്കതല്ല. അധികം നൽകിയ ₹14,000/- ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

അധികം തുക നൽകിയതിന് വിശദീകരണം നൽകണമെന്നുള്ള ഓഡിറ്റ് എൻക്വയറിക്ക് (6/03.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-20 പ്രൈസ് സോഫ്റ്റ് വെയറിൽ കോസ്റ്റ് ഇൻഡക്സിന് സമയബന്ധിതമായി മാറ്റം വരുത്തുന്നില്ല

ഇടുക്കിയിലെ കോസ്റ്റ് ഇൻഡക്സ് 26.03.2019 മുതൽ 48.71% ആയിരുന്നു. എന്നാൽ 15.05.2020 മുതൽ കോസ്റ്റ് ഇൻഡക്സ് 41.53% ആയി കുറവ് വരുത്തിയിരുന്നു എങ്കിലും 'പ്രൈസ് 'സോഫ്റ്റ് വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയപ്പോൾ ഈ കുറവ് പ്രതിഫലിച്ചിട്ടില്ല. കേന്ദ്രീകൃത സംവിധാനത്തിലാണ് 'പ്രൈസ്' സോഫ്റ്റ് വെയറിൽ കോസ്റ്റ് ഇൻഡക്സ് മാറ്റം വരുത്തുന്നത്. ഈ

തീയതിക്ക് ശേഷം സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റുകളിൽ 48.71% ആണ് കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ഇത്തരത്തിൽ അധിക കോസ്റ്റ് ഇൻഡക്സിൽ തയ്യാറാക്കിയ ഏതാനും പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര്/നമ്പർ | അടങ്കൽ ₹ | സാങ്കേതികാനുമതി നം./തീയതി |
|---|---|---|---|
| 1 | ആലോളിൻപ്പടി മുള്ളിപ്പടി റോഡിൽ മരങ്ങാട്ടുപടി കലുങ്ക്, 18/21 | 500000 | എൽ.എസ്.ജി.ഡി./ടി.എസ്/ 2020-21/81116, തീ. 24.06.2020. |
| 2 | ചക്കിങ്ങൽ പടി കൊച്ചാനിപ്പടി റോഡ് | 500000 | എൽ.എസ്.ജി.ഡി./ടി.എസ്/ 2021-22/33544, തീ. 29.06.2021 |
| 3 | ഗാന്ധിനഗർ കോളനി ആലിൻചുവട് റോഡ് സംരക്ഷണ ഭിത്തി, 51/22 | 1300000 | എൽ.എസ്.ജി.ഡി./ടി.എസ്/ 2021-22/9686, തീ. 11.10.2021. |
| 4 | വെൺമണി തെക്കൻതോണി റോഡ് കോൺക്രീറ്റിംഗ്, 98/22 | 500000 | എൽ.എസ്.ജി.ഡി./ടി.എസ്/ 2021-22/65515, തീ. 29.06.2021 |
| 5 | കൊട്ടാരംപടി -ആറടിക്കെട്ടി റോഡ് കോൺക്രീറ്റിംഗ്, 36/22 | 500000 | എൽ.എസ്.ജി.ഡി./ടി.എസ്/ 2021-22/37462, തീ. 29.06.2021 |
| 7 | മൈലപ്പുഴ കോളനി ഇഞ്ചപ്പാറ റോഡ് കോൺക്രീറ്റിംഗ്, 99/22 | 500000 | എൽ.എസ്.ജി.ഡി./ടി.എസ്/ 2021-22/9409, തീ. 20.10.2021 |
| 8 | മില്ലുംപടി ഈട്ടിക്കവല റോഡ് ടാറിംഗ്, 49/22 | 500000 | എൽ.എസ്.ജി.ഡി./ടി.എസ്/ 2021-22/33513, തീ. 08.02.2021 |
| 9 | ഇന്റർമീഡിയറ്റ് കരിപ്പലങ്ങാട് റോഡ് കോൺക്രീറ്റിംഗ്, 35/22 | 500000 | എൽ.എസ്.ജി.ഡി./ടി.എസ്/ 2021-22/9689, തീ. 27.06.2021 |
| 10 | ഹെറിറ്റേജ് ലൈബ്രറി മെയിന്റനൻസ് ഉദയഗിരി, മരിയാപുരം ഗ്രാമപഞ്ചായത്ത് | 500000 | എൽ.എസ്.ജി.ഡി./ടി.എസ്/ 2021-22/127283, തീ. 08.02.2021 |
| 11 | സി. എച്ച് സി വാത്തിക്കുടി മെയിന്റനൻസ്, 83/22 | 1407352 | എൽ.എസ്.ജി.ഡി./ടി.എസ്/ 2021-22/95736, തീ. 22.02.2022 |
| 12 | പുന്നയാർ പാമ്പ്ലത്തണ്ട് റോഡ് കോൺക്രീറ്റിംഗ് | 500000 | എൽ.എസ്.ജി.ഡി./ടി.എസ്/ 2021-22/9966, തീ. 06.07.2021 |
| 13 | പഴയരിക്കണ്ടം സാനിട്ടറി കോംപ്ലക്സ് 48/22 | 500000 | എൽ.എസ്.ജി.ഡി./ടി.എസ്/ 2021-22/70016, തീ. 16.09.2021 |

ഇത്തരത്തിൽ അധിക കോസ്റ്റ് ഇൻഡക്സ് നിരക്കിൽ സാങ്കേതികാനുമതി നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 5/02.12.2022ന് മറുപടി ലഭ്യമാക്കിയില്ല. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നേരിട്ട് ഇതിൽ യാതൊരു മാറ്റവും വരുത്താൻ സാധിക്കില്ല എന്നാണ് വാക്കാൽ ലഭ്യമാക്കിയ മറുപടി. കേന്ദ്രീകൃത സംവിധാനമാണ് എങ്കിലും സമയബന്ധിതമായി മാറ്റം വരുത്താത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന് പദ്ധതി

വിഹിതത്തിൽ നിന്ന് വൻ സാമ്പത്തിക നഷ്ടം നേരിട്ടിരിക്കുന്നു.

### 1-21 ആസ്തി രജിസ്റ്റർ പരിപാലിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി പരിപാലിക്കണമെന്ന നിർദ്ദേശം പാലിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തുന്നു. നിലവിലുള്ള ആസ്തികളുടെ സംരക്ഷണം, പുതിയ ആസ്തികൾ സൃഷ്ടിക്കൽ എന്നിവയ്ക്കായി എല്ലാ വർഷവും കോടിക്കണക്കിന് രൂപ ചെലവഴിക്കുന്നു. സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ/നവീകരിച്ച ആസ്തികൾ എന്നിവ സംബന്ധിച്ച യാതൊരു വിവരവും നിലവിൽ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ രജിസ്റ്ററിൽ ഉൾപ്പെടുത്തി സൂക്ഷിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-22 ബ്ലോക്ക്പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ ഉൾപ്പെടാത്ത പദ്ധതികൾ നിർവ്വഹണം നടത്തുന്നു

പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽപ്പെടാത്ത കാര്യങ്ങൾക്കായി പദ്ധതികൾ നടപ്പാക്കി വരുന്നു. തനത് ആസ്തികളല്ലാത്ത റോഡുകളുടെ നിർമ്മാണം, കുടിവെള്ള പദ്ധതികൾ എന്നിവയെല്ലാം യഥേഷ്ടം ഏറ്റെടുത്ത് നിർമ്മാണം നടത്തുന്നു. രണ്ട് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന റോഡുകളുടെ നിർമ്മാണം ഏറ്റെടുത്ത് നടത്താം എന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു പഞ്ചായത്തിന്റെ ഉള്ളിൽ മാത്രമുള്ള 100മിറ്റർ, 200 മീറ്റർ നീളത്തിൽ റോഡ് നിർമ്മാണ പദ്ധതികൾ ഏറ്റെടുത്ത് ചെയ്തു പോരുന്നു. തൻവർഷം അസിസ്റ്റന്റ് എഞ്ചിനീയർ/അസി എക്സി. എഞ്ചിനീയർ ഏറ്റെടുത്ത 55 പദ്ധതികളിൽ 16 പദ്ധതികൾ റോഡ് പ്രവൃത്തികളും 8 എണ്ണം കുടിവെള്ള പദ്ധതികളും 8 എണ്ണം ടോയ്‌ലറ്റ് നിർമ്മാണവും 1 എണ്ണം പഞ്ചായത്തിന്റേതല്ലാത്ത ലൈബ്രറി നിർമ്മാണവുമാണ്. വിവിധ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തനത് ആസ്തികളല്ലാത്തവയ്ക്കാണ് അസിസ്റ്റന്റ് എഞ്ചിനീയർ/അസി എക്സി. എഞ്ചിനീയർ ഫണ്ട് ചെലവഴിക്കുന്നത്. ബൃഹത്തായ പദ്ധതികൾ ഏറ്റെടുക്കണം എന്ന സർക്കാർ മാർഗ്ഗനിർദ്ദേശം വാർഡ് തലത്തിലുള്ള ഫണ്ട് വിഭജനം മൂലം നടപ്പാക്കാനാവുന്നില്ല.

ശുചിത്വ-മാലിന്യ സംസ്കരണം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണെങ്കിലും ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഈ മേഖലയിൽ ഗ്രാമപഞ്ചായത്തുകളുമായി കൂടിയാലോചിച്ച് പൊതു പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ് എന്ന പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -വിനിയോഗമാർഗ്ഗ രേഖ(സ.ഉ.(കൈ)നം. 103/2020/തസ്വഭവ., തീയതി. 30.06.2020)ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഏകപക്ഷീയമായി പദ്ധതികൾ ധനകാര്യ കമ്മീഷൻ ഗ്രാന്റുപയോഗിച്ച് നിർവ്വഹണം നടത്തിയിരിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ ഉൾപ്പെടാത്ത കുടിവെള്ള പദ്ധതികൾക്ക് പ്രസ്തുത മാർഗ്ഗരേഖയിൽ അനുമതി നൽകിയിട്ടില്ല. ഇതിനെ മറികടന്നാണ് 8 കുടിവെള്ള

പദ്ധതികൾ ഏറ്റെടുത്ത് നിർവ്വഹണം നടത്തിയിരിക്കുന്നത്. ആയത് പൈപ്പ് ലൈൻ ഇടുന്നതിന് മാത്രമായതിനാൽ 2 പദ്ധതി പ്രവർത്തന യോഗ്യമായിട്ടില്ല. മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതികൾ ഏറ്റെടുക്കുന്നതിനും സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ രജിസ്റ്ററിൽ ഉൾപ്പെടുത്തി സൂക്ഷിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | - |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ധനസഹായം

-- ഇല്ല --

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

-- ഇല്ല --

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

### 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് ന./ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം ലഭിച്ച തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | | | | |
|---|---|---|---|---|---|---|---|
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | ലഭ്യമല്ല | ലഭ്യമല്ല | 764950 | 0 | 0 | 0 | 764950 |
| ഐ.എ.വൈ. ലോൺ | ലഭ്യമല്ല | ലഭ്യമല്ല | 750000 | 0 | 525000 | 0 | 225000 |

ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വാർഷിക കണക്കുകൾ പ്രകാരമുള്ള തുകകൾ ലോൺ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

### 4-6 സ്ഥിര നിക്ഷേപം

- - ഇല്ല - -

### 4-7 ഓഡിറ്റ് റിക്കവറി

- - ഇല്ല - -

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 28 | 2001-02 | - | ജനകീയാസൂത്രണ പദ്ധതിയിൽ ഗുണഭോക്തൃവിഹിതം ഇനത്തിലുള്ള ധനാപഹരണം | - |
| 1998-99 | - | 2002-03 | 32 | മത്സ്യ ബൂത്തിന് അനധികൃതമായി തുക നൽകി | - |
| 1998-99 | - | 2002-03 | 33 | ബോധവത്കരണ വൈദ്യസഹായ ക്യാമ്പുകൾ നടത്തിയതിലെ ക്രമക്കേടുകൾ | - |
| 1999-00 | - | 2002-03 | 30 | കമ്പ്യൂട്ടർ ട്രെയിനിംഗ് - ധനാപഹരണം | - |
| 2001-02 | 2(2) | 2004-05 | 6(1) | ഫോട്ടോ കോപ്പിയറിന് അധിക തുക നൽകി | - |
| 2005-06 | 3-6 | 2009-10 | 2-8 | നിക്ഷേപവേലകൾ പൂർത്തിയാക്കിയില്ല വൈദ്യുത ലൈൻ ദീർഘിപ്പിക്കുന്നതിന് കെ.എസ്.ഇ.ബിക്ക് ₹6,02,150/- നൽകി | - |

### 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

– – ഇല്ല – –

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

– – ഇല്ല – –

ബി) സർചാർജ് സർട്ടിഫിക്കറ്റ് നടപടികൾ

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ ഇല്ല | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാരങ്ങളിൽ/ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./ തീയതി | തുക | | | | (ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1998-99 | 32 | എ. തങ്കപ്പൻ, ബി.ഡി.ഒ. | LF.19377/ SC2/02/ 01.11.03 | 66732 | | | | 31(2) WP(C) 2898/ 2010 Hon'ble HC, Kerala | | ഒ.പി. നം. 6/2004, തീ.2.2.07 പ്രകാരം നടപടികൾ ഒഴിവാക്കി | | |
| 5 | 1998-99 | 33(1) | അഗസ്റ്റിൻ തോമസ് | LF.19377/ SC2/ 02/dt. 12.06.03 | 8530 | | | | | | | 8530 | |
| 7 | 1999-00 | 31 | പി.ഡി. ജോസ്, ബി.ഡി.ഒ. | LF.2643// Spl.Cell/ SC2/ 2005/DT. 23.08.06 | 9000 | – | | – | – | – | – | 9000 | – |
| 8 | 1999-00 | 29, 30 | എം.സി. തോമസ്, സെക്രട്ടറി | LF.2643// Spl.Cell/ SC2/ 2005/DT. 23.08.06 | 21300 | – | | – | – | – | – | 21300 | – |
| 9 | 1999-00 | 29, 30, 27, 31 | എം.സി. തോമസ്, സെക്രട്ടറി | LF.2643// Spl.Cell/ SC2/ 2005/DT. 23.08.06 | 21300+ 20000 (പലിശ) | – | | – | – | – | – | 21300+ 20000 | – |
| 11 | 2009-10 | 3.12 | – | – | 5950 | – | | – | – | – | – | 5950 | – |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹20795201 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹76595435 |
| ആകെ | ₹97390636 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹72802622 |
| നീക്കിയിരിപ്പ് | ₹24588014 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹14000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹8148474 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-18 | | 14000 | ശ്രീ. പി. എം. സബീർമുഹമ്മദ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 6315040 | ശ്രീമതി ജാൻസി ജോൺ ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-13 | 495654 | ശ്രീമതി. വി. എൻ. മഞ്ജു അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ |
| 1-16 | 245640 | ശ്രീമതി ഡാർലി വർഗ്ഗീസ് സി.ഡി.പി.ഒ. |
| 1-17 | 1092140 | ഡോ. രാഹുൽ രാമചന്ദ്രൻ മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.), വാത്തിക്കുടി |
| ആകെ | 8148474 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക ₹ | സർക്കാർ |
|---|---|---|
| | - - ഇല്ല - - | |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | - ഇല്ല - |

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി വി. എൻ. മഞ്ജു അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ | അസി. എക്സി. എഞ്ചിനീയർ ഇടുക്കി | വെള്ളിക്കെട്ടിൽ, കാഞ്ഞാർ പി. ഒ. പിൻ-685590 |
| ഡോ. രാഹുൽ രാമചന്ദ്രൻ മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.), വാത്തിക്കുടി | കളപ്പുരപ്പറമ്പിൽ തിരുവമ്പാടി പി. ഒ. ഞീഴൂർ, കോട്ടയം |

| | | |
|---|---|---|
| | | പിൻ-686633 |
| ശ്രീ. പി. എം. സബീർമുഹമ്മദ് സെക്രട്ടറി | സെക്രട്ടറി ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് | പുളിക്കത്തൊട്ടിയിൽ, വെങ്ങല്ലൂർ പി. ഒ. തൊടുപുഴ പിൻ-685608 |
| ശ്രീമതി ജാൻസി ജോൺ ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ ഇടുക്കി | കാനാരിക്കാവിൽ കരുണാപുരം പി. ഒ. പിൻ-685552 |
| ശ്രീമതി. ഡാർലി വർഗ്ഗീസ് സി.ഡി.പി.ഒ. | സി.ഡി.പി.ഒ. ഇടുക്കി | കൈതമറ്റം മാട്ടച്ചിറ പി. ഒ. കടുത്തുരുത്തി കോട്ടയം ജില്ല |

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നം. |
|---|---|---|---|
| 1998-99 | എൽ.എഫ്.ഐ.3/466/01/ 30.04.02/30.04.12 | 3 | 32, 33(1), (2) |
| 1999-2000 | എൽ.എഫ്.ഐ.3/82/02/ 253/02/11.07.02 | 4 | 27, 29, 30, 31 |
| 2004-05 | എൽ.എഫ്.ഐ.4/243/09/ 10.11.09/08.02.10 | 7 | 2-1, 2-2, 2-4, 2-5, 2-6, 2-7, 2-8 |
| 2005-06 | - ടി - | 2 | 3-6, 3-8 |
| 2006-07 | എൽ.എഫ്.ഐ-4/445/12/ തീ. 20.06.12 | 1 | 3-10 |
| 2007-08 | എൽ.എഫ്.ഐ-4/446/12/ തീ. 20.06.12 | 1 | 3-6 |
| 2008-09 | എൽ.എഫ്.ഐ-4/682/12/ തീ. 20.06.12 | 1 | 3-2 |
| 2009-10 | എൽ.എഫ്.ഐ-4/1138/13/ തീ. 06.11.13 | 2 | 3-2, 3-12 |
| 2010-11 | എൽ.എഫ്.ഐ-4/271/14/ തീ. 08.07.14 | 1 | 3-7 |
| 2011-12 & 12-13 | എൽ.എഫ്.ഐ-13/1366/14/ തീ. 12.12.14 | 7 | 3-2, 3-5, 3-6, 3-7, 3-8, 3-9, 3-11 |
| 2013-14 & 14-15 | കെ.എസ്.എ.-ഐ.ഡി.കെ-13/515/17/ തീ. 01.06.17 | 7 | 3-1, 3-3, 3-4, 3-6, 3-7, 3-8, 3-10 |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ.4/1619/17/ തീ. 14.12.17 | 1 | 3-6 |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ.13/120/19 തീ. 25.03.2019 | 2 | 3-1, 3-5 |

| | | | |
|---|---|---|---|
| 2018-19 | KSA-IDK-13/1028/2019/ Dt.30.01.2020 | 6 | 1-12, 1-13, 1-16, 1-17, 1-18, 1-19 |
| 2019-20 | KSA-IDK-4/155/22/ Dt. 10.05.2022 | 8 | 1-13 മുതൽ 1-20 വരെ |
| 2020-21 | KSA-IDK-4/156/ Dt.10.05.2022 | 10 | 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്